LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി നായരങ്ങാടി എം.ആർ.എസ്.-ൽ ഹയർസെക്കണ്ടറി കോഴ്സിന് അഡീഷണൽ ബാച്ച്

322 (672) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടർച്ചയായി എസ്. എസ്. എൽ. സി. പരീക്ഷയിൽ നൂറ് ശതമാനം വിജയം കൈവരിച്ച ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടി എം. ആർ. എസ്.-ൽ ഹയർ സെക്കണ്ടറി കോഴ്സിന് അഡീഷണൽ ബാച്ച് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഈ നിർദ്ദേശം ഹയർ സെക്കൻഡറി വകുപ്പിന്റെ പരിഗണനയിലാണ്.

അട്ടപ്പാടിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും മരണം

323 (673) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ അട്ടപ്പാടി ആദിവാസി മേഖലയിൽ എത്ര സ്ത്രീകളും കുട്ടികളും മരണമടഞ്ഞിട്ടുണ്ടെന്ന് പറയാമോ ;

(ബി) ഈ മേഖലയിൽ അമ്മമാരും കുഞ്ഞുങ്ങളും ഇടർച്ചയായി മരണപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇവിടെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും മരണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) മേൽപ്പറഞ്ഞ രീതിയിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ അട്ടപ്പാടി മേഖലയിൽ നവജാത ശിശുക്കൾ ഉൾപ്പെടെ 72 കുട്ടികൾ മരണമടഞ്ഞിട്ടുണ്ട്. പ്രായാധിക്യം, പലവിധ അസുഖങ്ങൾ ഉൾപ്പെടെ വിവിധ കാരണങ്ങളാലാണ് സ്ത്രീകൾ മരണപ്പെട്ടിട്ടുള്ളത്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) അട്ടപ്പാടി മേഖലയിൽ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും മരണം തടയുന്നതിനായി സർക്കാർ വിവിധ വകുപ്പുകൾ മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ഐ.സി.ഡി.എസ്.ന്റെ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു.

2. പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്തു വരുന്നു.

3. അട്ടപ്പാടി മേഖലയിൽ 130 പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് സമൂഹ അടുക്കള നിലവിൽ പ്രവർത്തിച്ചു വരുന്നു.

4. കൗമാരക്കാരായ പെൺകുട്ടികൾക്ക് "സബല കിറ്റുകൾ" വിതരണം ചെയ്യുന്നുണ്ട്.

5. കുടുംബശ്രീ യൂണിറ്റുകൾ മുഖേന അമൃതം ന്യൂട്രീമിക്സ് നൽകുന്നു.

6. വിവാഹിതരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ് ഗുളികകൾ നൽകി വരുന്നു.

7. പോഷണ കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും "ജാതക് ജനനി സോഫ്റ്റ് വെയർ" ഉപയോഗിക്കുന്നു.

8. പോഷണ കുറവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക ചികിത്സയും പോഷകാഹാരവും നൽകുന്നതിന് മേഖലയിൽ 3 ന്യൂട്രീഷൻ റീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

9. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുകയും വിദൂര ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർ, ആരോഗ്യ പ്രവർത്തകർ എന്നിവർ കൃത്യമായ ഇടവേളകളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വീടുകൾ സന്ദർശിക്കുകയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നവജാത ശിശുക്കൾ എന്നിവർക്ക് ആവശ്യമായ ചികിത്സ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.

10. എ.പി.എൽ., ബി.പി.എൽ. ഭേദമന്യേ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങിക്കുന്നതിനായി പ്രതിമാസം 1,000 രൂപ നിരക്കിൽ (ജനനീ ജന്മ രക്ഷ പദ്ധതി പ്രകാരം) പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് മണിയോർഡർ ആയി ഇക ഗുണഭോക്താക്കൾക്ക് അയച്ചു നൽകുന്നു.

11. പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് 3.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ഊരുകളിൽ റാഗി, പയർ, ചോളം, ചാമ തുടങ്ങിയ കൃഷികൾ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു.

12. സർക്കാരിന്റെ ഇത്തരം സമയോചിതമായ ഇടപെടൽ കൊണ്ട് ആദിവാസി മേഖലയിലെ അമ്മമാരുടെയും കുട്ടികളുടെയും മരണം നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ഒറ്റപ്പാലം സബ് കളക്ടർ നോഡൽ ഓഫീസറായി ഒരു ജനകീയ സമിതി സർക്കാർ രൂപീകരിക്കുകയും ടി സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നിർദ്ദേശങ്ങളും ശിപാർശകളും ബന്ധപ്പെട്ടവർക്ക് നൽകുന്നുമുണ്ട്. ടി സമിതിയിൽ ബഹു. പാലക്കാട് എം.പി., പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അട്ടപ്പാടി ഡിവിഷൻ മെമ്പർ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അഗളി/പുതൂർ/ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവരെ അംഗങ്ങളായും നിയമിച്ചിട്ടുണ്ട്.

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ടി.ആർ.ഡി.എം. പദ്ധതി

324 (674) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ,ടി.ആർ.ഡി.എം. പദ്ധതി പ്രകാരം നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly